I/124733/2023

DHS/24921/2023/ES5 ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം,

തീയതി**19-12-2023**

## സർക്കുലർ

വിഷയം : - ആ.വ.ഡ – ആരോഗ്യ വകുപ്പിൽ 01.01.2014 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ ജൂനിയർപബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 ജീവനക്കാരുടെസീനിയോറിട്ടി പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ച്

സൂചന ...............

ആരോഗ്യ വകുപ്പിലെ 01.01.2014 മുതൽ 31.12.2021 വരെയുള്ള ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 ജീവനക്കാരുടെ സീനിയോറിട്ടി പട്ടിക തയ്യാറാക്കുന്നതിന് പ്രസ്തുത കാലയളവിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 2 വിഭാഗം ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ സേവനവിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം 27.12.2023 തിയതിക്കകം സ്ഥാപന മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. സ്ഥാപന മേധാവികൾ ഈ ജീവനക്കാരുടെ പ്രൊഫോർമ സേവന പുസ്തകവുമായി ഒത്തുനോക്കി വിവരങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തി സംക്ഷിപ്ത പട്ടിക തയ്യാറാക്കി , ഈ ഓഫീസിൽ ജെ.പി.എച്ച്. എൻ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്യുന്ന ഇക്കാലയളവിലുള്ള എല്ലാ ജീവനക്കാരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇനി ആരേയും ഈ പട്ടികയിൽ ഉൾപ്പെടുത്താനില്ല എന്ന ആമുഖ കത്തോടുകൂടി പ്രൊഫോർമ, സേവനപുസ്തകങ്ങൾ, ബന്ധപ്പെട്ട രേഖകൾ എന്നിവ സഹിതം 31.12.2023 തിയതിക്കകം അതാതു ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസിൽ വിശദമായ പരിശോധന നടത്തി പ്രൊഫോർമകൾ സേവന പുസ്തകവുമായി ഒത്തു നോക്കി സാക്ഷ്യപ്പെടുത്തിയ ശേഷം ജില്ലയിൽ നിന്നുള്ള പ്രൊഫോർമകൾ എല്ലാം കൂടി സ്വരൂപിച്ച് ഈ ജീവനക്കാരുടെ ജില്ലകളിൽ നിന്നുള്ള പി.എസ്. സി അഡ്വൈസിന്റെ മുഴുവൻ പകർപ്പ് , ജില്ലാ മെഡിക്കൽ ഓഫീസറുടെ നിയമന ഉത്തരവിന്റെ മുഴുവൻ പകർപ്പ്, ആശ്രിത നിയമനമെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകൾ , അന്തർ ജില്ലാ സ്ഥലം മാറ്റം, ശൂന്യ വേതനാവധി. ജോയിനിങ്ങ് ടൈം എക്സ്റ്റൻഷൻ , സൂപ്പർ ന്യൂമററി തസ്തികയിലേയ്ക്കുള്ള നിയമനം എന്നിവ ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ, എന്നിവ സഹിതം 16.01.2024 തിയതിയ്ക്കകം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് തപാൽ മുഖേന സമർപ്പിയ്ക്കേണ്ടതാണ്. 01.01.2014 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ ജില്ലകളിൽ സൂപ്പർ ന്യൂമററി തസ്തികയിൽ ആരേയും നിയമിച്ചിട്ടില്ല എങ്കിൽ ആ വിവരം ആമുഖ കത്തിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള എക്സൽ ഷീറ്റിൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആയത് essectiondhs@gmail.com എന്ന ഇ – മെയിൽ വിലാസത്തിലും സമർപ്പിയ്ക്കേണ്ടതാണ്.

Signed by
Dr. Jayasree V
Date: 19-12-2023 11:44:53
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്

എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ എല്ലാ കീഴ് സ്ഥാപനങ്ങൾക്കും സീനിയോറിട്ടി പട്ടിക തയ്യാറാക്കുന്നതിനായി അപേക്ഷ സ്വീകരിയ്ക്കുന്ന വിവരം ഇ മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്.